പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.*389 — 27.06.2012-ൽ മറുപടിക്ക്

അന്യ സംസ്ഥാന തൊഴിലാളികളുടെ സുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ. പി. കെ. ബഷീർ<br>ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) അന്യ സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ധാരാളമായി തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നതുമൂലം ഉളവായിട്ടുള്ള പ്രശ്നങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) വിലയിരുത്തിയിട്ടുണ്ട്. അന്യ സംസ്ഥാന തൊഴിലാളികൾ കൂട്ടമായി പണിയെടുക്കുന്ന പ്രദേശങ്ങളിൽ ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ടി സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ആരോഗ്യ വകുപ്പുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത തൊഴിലാളികളെ തിരിച്ചറിയുന്നതിനും, അന്തർ സംസ്ഥാന കുറ്റവാളികൾ ഇവർക്കിടയിൽ നുഴഞ്ഞു കയറുന്നത് തടയാനും, ഇവർക്ക് രജിസ്ട്രേഷൻ കാർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) അന്യ സംസ്ഥാന തൊഴിലാളികൾക്കായുള്ള ക്ഷേമ പദ്ധതിയിൽ അംഗമാക്കി ചേർത്ത് തൊഴിലാളികൾക്ക് രജിസ്ട്രേഷൻ കാർഡ് നൽകി വരുന്നു. |
| (സി) ഇല്ലെങ്കിൽ അതിനുള്ള നടപടിസ്വീകരിക്കുമോ; ഇവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും, അവർക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) അന്യ സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നിർബന്ധിതമാക്കുന്നതിന് നിയമ നിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും അതിക്രമങ്ങൾ തടയുന്നതിനും പോലീസ് വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ആഫീസർ